"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി - നവകേരള സദസ്സ് - ചിറയിൻകീഴ് നിയോജകമണ്ഡലം - വെസ്റ്റ് കോസ്റ്റ് കനാൽ ടൂറിസം എൻഹാൻസ്മെന്റ് പ്രോജക്ട് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.36/2025/CSIND തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-
1. സ.ഉ.(കൈ.)നം.3/2025/പി.ഐ.ഇ& എം.ഡി, തീയതി 28/07/2025.
2. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 21/08/2025 - ലെ CEINKP/47/2025-AE3 നമ്പർ കത്ത്.
3. നവകേരള സദസ്സ് പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിനായുള്ള വകുപ്പ് തലസമിതിയുടെ 25.08.2025 ലെ യോഗത്തിന്റെ മിനിട്സ്.

**<u>ഉത്തരവ്</u>**

നവകേരള സദസ്സിലെ ചർച്ചകൾ പ്രകാരം ഉയർന്ന് വന്നിട്ടുള്ള വികസന പദ്ധതികളുടെ അന്തിമ പട്ടിക അംഗീകരിച്ചുകൊണ്ടുള്ള പരാമർശം (1) ഉത്തരവിൽ ക്രമ നമ്പർ 210 ആയി തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ 'വെസ്റ്റ് കോസ്റ്റ് കനാൽ ടൂറിസം പദ്ധതി' എന്ന 6.00 കോടി രൂപയുടെ പദ്ധതി ഉൾപ്പെട്ടിരുന്നു. അതിൻ പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 6.00 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ഭരണാനുമതിക്കായി സമർപ്പിക്കുകയുണ്ടായി.

2. ചിറയിൻ കീഴ് മണ്ഡലത്തിലൂടെ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത കടന്നു പോകുന്ന മൂന്ന് പ്രധാനഭാഗങ്ങളായ കഠിനംകുളം പഞ്ചായത്തിലെ ആറാട്ടുവഴി, ചിറയിൻകീഴ് പഞ്ചായത്തിലെ പുളിമൂട്ടിൽകടവ്, അഞ്ചുതെങ്ങ് പഞ്ചായത്തിലെ മീരാൻകടവ് എന്നിവിടങ്ങളിലെ അടിസ്ഥാനസൗകര്യ വികസനം, ടൂറിസം സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയാണ് 'വെസ്റ്റ് കോസ്റ്റ് കനാൽ ടൂറിസം പ്രോജക്ട്' വഴി ഊന്നൽ നൽകുന്നത്. 2021 ലെ DSR പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ ആകെ തുക 6 കോടി രൂപയാണ്.

3. **<u>എസ്റ്റിമേറ്റിന്റെ സംഗ്രഹം</u>**

| SI.No. | Head Description | Amount |
|---|---|---|
| 1 | Appendix A-Pulimoottilkadavu Development | 17219660.39 |
| 2 | Appendix B-Anchuthengu Wellness Park and Jetty | 15826037.35 |
| 3 | Appendix C-Arrattuvazhi Boat Jetty and Park | 17794047.56 |
| | **Total Estimation PAC** | 50839745.30 |
| **C Extra Charges** | | |
| C.001 | Provision for GST | |

| | | |
|---|---|---|
| | 50839745.30 18.00% | 9151154.15 |
| | Grand Total | 599908992.45 |
| | Round off | 9100.55 |
| | Rounded Total(Rs) | 60000000.00 |
| | Rupees Six Crore | |

4. നവകേരള സദസ്സിൽ ഉയർന്നു വന്നിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വകുപ്പ് തല സമിതിയുടെ 25/08/2025 - ന് ചേർന്ന യോഗത്തിൽ മേൽ പ്രൊപ്പോസൽ പരിഗണിക്കുകയും ഭരണാനുമതി നല്കുന്നതിനായി അംഗീകരിക്കുകയും ചെയ്തു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരള സദസ്സിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ 'വെസ്റ്റ് കോസ്റ്റ് കനാൽ ടൂറിസം പദ്ധതി എന്ന പ്രവൃത്തിക്ക് 5075 - 60 - 800 - 94 - 03 (P) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 6,00,00,000/- (ആറ് കോടി) രൂപയുടെ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ശ്രീവത്സം ബിൽഡിംഗ്, കിടങ്ങാംപറമ്പ്, ആലപ്പുഴ.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം, പി.ഒ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചീഫ്, ഇൻഡസ്ട്രി & ഇൻഫ്രാ സ്ട്രക്ചർ ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

ധനകാര്യ വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

പദ്ധതി നിർവ്വഹണ നിരീക്ഷണ വിലയിരുത്തൽ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് (ഫയൽ നം.എ2/128/2025 സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 27-08-2025 15:21:32